പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1559 21. 01. 2014- ലെ മറുപടിക്ക്

'നിതാഖത് നിയമം' നടപ്പാക്കിയതിനെ തുടർന്ന് നാട്ടിൽ എത്തിയവർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. വി. ശശി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) 'നിതാഖത് നിയമം' നടപ്പാക്കിയതിനെ തുടർന്ന് സർക്കാർ നേരിട്ട് എത്ര പേരെ നാട്ടിൽ എത്തിച്ചിട്ടുണ്ട്; ഓരോ ജില്ലയിലും എത്ര വീതം; വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത നിയമത്തിന്റെ പരിധിയിൽപ്പെട്ട് എത്ര പേരെ ഇനി നാട്ടിൽ എത്തിക്കാനുണ്ട്; ഇവർക്കുവേണ്ടി എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എയും ബിയും) നിതാഖത്ത് നിയമം നടപ്പാക്കിയതിനെത്തുടർന്ന് സർക്കാർ 266 പേർക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുകയും 206 പേർ ഈ സൗജന്യ വിമാന ടിക്കറ്റ് ഉപയോഗിച്ച് നാട്ടിലെത്തുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. സൗദിയിലെ റിയാദ്, ദമാം, ജിദ്ദ എന്നിവിടങ്ങളിൽ രൂപം കൊടുത്ത ഉപദേശക സമിതികൾ മുഖേന അപേക്ഷകൾ സ്വീകരിച്ച് അതിൽ യോഗ്യതയുള്ള മലയാളികൾക്ക് അവരുടെ സൗകര്യാർത്ഥം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളിലേക്കാണ് സൗജന്യ ടിക്കറ്റുകൾ നൽകിയത്. സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യം 31/12/2013 വരെ അപേക്ഷ നൽകിയ എല്ലാപേർക്കും നൽകിയിരുന്നു. |
| (സി) നാട്ടിൽ എത്തിയവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ എന്തെല്ലാം; ഇതിനകം എത്രപേരെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) നിതാഖത്ത് മൂലം തിരികെയെത്തിയവർക്ക് നോർക്ക വകുപ്പിന്റെ നിലവിലുള്ള ക്ഷേമ പദ്ധതികളായ, സാന്ത്വന, ചെയർമാൻ ഫണ്ട് എന്നീ ധനസഹായ പദ്ധതികളുടെയും, തിരികെയെത്തി സ്വയം സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മറ്റ് ഗൾഫ് രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന സ്വദേശിവത്കരണ നിയമം എന്നിവ മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികളുടെ പുനരധിവാസം മുൻ നിർത്തി സമഗ്രമായ ഒരു പുനരധിവാസ പാക്കേജിന് രൂപം നൽകി അത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പുനരധിവാസ പാക്കേജിന്റെ പ്രധാന ഘടകങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br><br>• തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക. |

- ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം
- സ്വയം സംരംഭക സഹായ പദ്ധതി
- സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
- സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ

പദ്ധതികൾ നടപ്പിലാക്കാനാരംഭിച്ചിട്ടേയുള്ളൂ.· അതിനായി സ്വീകരിക്കുന്ന നടപടികൾ താഴെകൊടുക്കുന്നു.

- തിരികെയെത്തിയ പ്രവാസികൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിലുകൾ കണ്ടെത്തുന്നതിനായി വിദേശ രാജ്യങ്ങളിലെ പ്രമുഖ മലയാളി വ്യവസായികളുടെ യോഗം മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവർക്ക് നോർക്കയുടെ ജോബ് പോർട്ടലിൽ പ്രത്യേകം രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനും അപ്രകാരം രജിസ്റ്റർ ചെയ്യുന്നവരുടെ ഒരു പ്രത്യേക ഡാറ്റാബേസ് തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്.
- ഇപ്രകാരം തിരിച്ചെത്തിയവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി നോർക്ക റൂട്ട്സിന്റെയും വ്യവസായ പരിശീലന കേന്ദ്രങ്ങളുടെയും കീഴിൽ പ്രത്യേക തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനത്തിന് പദ്ധതിയിൽ പ്രത്യേക സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.
- സി.ഐ.ഐ, ചേംബർ ഓഫ് കൊമേഴ്സ്, വ്യാപാര വ്യവസായി ഏകോപന സമിതി തുടങ്ങിയവരുമായി ചർച്ച ചെയ്ത് സംസ്ഥാനത്തിന് അകത്ത് ലഭ്യമായ തൊഴിൽ സാധ്യതകൾ വിലയിരുത്തി പ്രവാസികൾക്ക് അവസരം ഒരുക്കുന്നതിനായി നോർക്ക റൂട്ട്സിന്റെ ജോബ് പോർട്ടലിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.

- സ്വയം സംരംഭക യൂണിറ്റുകൾക്ക് കേന്ദ്രസഹായത്തോടെ മൂലധന/പലിശ സബ്സിഡി ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു.

- തിരികെയെത്തിയ പ്രവാസികൾ മാത്രം അംഗങ്ങളായി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹകരണ വകുപ്പുമായി ചേർന്ന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.

- നിലവിലുള്ള 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്' (NDPREM) വിപുലീകരിച്ച് വിവിധ വകുപ്പുകളുടെ പദ്ധതികൾ ഇതുമായി ഏകോപിപ്പിക്കുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും ഓരോ നോഡൽ ഓഫീസറെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- സ്വയം സംരംഭക പദ്ധതികൾക്ക് ബാങ്കുകൾ ലഭ്യമാക്കുന്ന വായ്പകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 10 % (പരമാവധി 2 ലക്ഷം രൂപ) ക്യാപിറ്റൽ സബ്സിഡി നൽകുന്ന പദ്ധതിയാണ് NDPREM. ആ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചവർക്ക് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- അഞ്ച് പ്രവാസികൾ ചേർന്ന് ആരംഭിക്കുന്ന സംരംഭങ്ങളെ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ Kerala Entrepreneur Development Mission ലെ പലിശ രഹിത വായ്പ സഹായത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവരെ കണ്ടെത്തുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.

- തിരികെയെത്തിയ പ്രവാസികൾക്ക് ബയോമെട്രിക് കാർഡുകൾ നൽകുന്നതിന് ഒരു പദ്ധതി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- പിന്നാക്ക സമുദായത്തിൽപ്പെട്ട തിരകെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3% പലിശനിരക്കിൽ പരമാവധി 10 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പദ്ധതി പിന്നാക്ക സമുദായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നു.

KReena

സെക്ഷൻ ഓഫീസർ